നം. സി.ഇ.ഇ/5454/2018/KEAM-2019/റ്റി.എ.1

കേരള സർക്കാർ

പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം

ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001

## പത്രക്കുറിപ്പ്

## 2019 ലെ മെഡിക്കൽ/അനുബന്ധ കോഴ്സുകളിലേയ്ക്കുള്ള പ്രവേശനം: നീറ്റ് ഫലം ഓൺലൈനായി സമർപ്പിക്കുന്നതിനും പുതുതായി മെഡിക്കൽ കോഴ്സിലേക്ക് അപേക്ഷയ്ക്കുന്നതിനും കോഴ്സ് കൂട്ടിച്ചേർക്കുന്നതിനും അവസരം

2019-20 അദ്ധ്യയന വർഷം കേരളത്തിലെ സർക്കാർ മെഡിക്കൽ/ഡെന്റൽ കോളേജുകളിലെ സ്റ്റേറ്റ് ക്വാട്ടാ സീറ്റുകളിലെയും, സ്വാശ്രയ മെഡിക്കൽ/ഡെന്റൽ കോളേജുകളിലെ എൻ.ആർ.ഐ ക്വാട്ട/മൈനോറിറ്റി ക്വാട്ട ഉൾപ്പെടെയുള്ള മുഴുവൻ എം.ബി.ബി.എസ്, ബി.ഡി.എസ് സീറ്റുകളിലെയും സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ ഓൾ ഇന്ത്യാ ക്വാട്ട സീറ്റുകളിലെയും പ്രവേശനം NTA ലഭ്യമാക്കിയിട്ടുള്ള "നാഷണൽ എലിജിബിലിറ്റി-കം-എൻട്രൻസ് ടെസ്റ്റ്" (NEET-UG)-2019 സ്കോറിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന പ്രവേശന പരീക്ഷാ കമ്മീഷണർ തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റിൽ നിന്നും ഏകീകൃത കൗൺസലിംഗ് വഴിയായിരിക്കും നടത്തുന്നത്. കൂടാതെ ആയൂർവേദം [BAMS], ഹോമിയോപ്പതി [BHMS], സിദ്ധ [BSMS], യുനാനി [BUMS] എന്നീ മെഡിക്കൽ കോഴ്സുകളിലേയും, അഗ്രികൾച്ചർ [BSc (Hons) Agri], ഫോറസ്ട്രി [BSc (Hons) Forestry], വെറ്ററിനറി [BVSc & AH], ഫിഷറീസ് [BFSc] എന്നീ അനുബന്ധ കോഴ്സുകളിലേയും പ്രവേശനം നീറ്റ് (യു.ജി)–2019 സ്കോറിന്റെ അടിസ്ഥാനത്തിൽ പ്രവേശന പരീക്ഷാ കമ്മീഷണർ തയ്യാറാക്കുന്ന റാങ്ക് ലസ്റ്റിൽ നിന്നും ആയിരിക്കും. **കേരളത്തിലെ എം.ബി.ബി.എസ്, ബി.ഡി.എസ്, ആയൂർവ്വേദം, ഹോമിയോപ്പതി, സിദ്ധ, യുനാനി എന്നീ മെഡിക്കൽ കോഴ്സുകളിലേയ്ക്കും, അഗ്രികൾച്ചർ, ഫോറസ്ട്രി, വെറ്ററിനറി, ഫിഷറീസ് എന്നീ അനുബന്ധ കോഴ്സുകളിലേയ്ക്കും പ്രവേശനത്തിനായുള്ള സംസ്ഥാന റാങ്ക് ലിസ്റ്റുകൾ തയ്യാറാക്കുന്നതിലേയ്ക്ക് വിദ്യാർത്ഥികൾ അവരവരുടെ നീറ്റ് (യു.ജി)–2019 ഫലം പ്രവേശന പരീക്ഷാ കമ്മീഷണർക്ക് ഓൺലൈനായി സമർപ്പിക്കേണ്ടതാണ്.** കൂടാതെ KEAM 2019-ൽ എഞ്ചിനീയറിംഗ്/ ആർക്കിടെക്ചർ/ഫാർമസി എന്നിവയിലേതെങ്കിലും കോഴ്സുകൾക്ക് ഇതിനോടകം അപേക്ഷ സമർപ്പിക്കുകയും എന്നാൽ മെഡിക്കൽ കോഴ്സുകൾ തിരഞ്ഞെടുക്കാൻ വിട്ടുപോകുകയും ചെയ്ത അപേക്ഷകർക്ക് ആവശ്യമുള്ള പക്ഷം മെഡിക്കൽ കോഴ്സുകൾ നിലവിലെ അപേക്ഷയിൽ കൂട്ടിച്ചേർക്കുന്നതിനും അവസരം ലഭ്യമാണ്. മെഡിക്കൽ/അനുബന്ധ കോഴ്സുകളിലെ പ്രവേശനത്തിന് സംസ്ഥാന റാങ്ക് ലിസ്റ്റുകൾ തയ്യാറാക്കുന്നതിലേയ്ക്കായി നീറ്റ് (യു.ജി)–2019 ഫലം പ്രവേശന പരീക്ഷാ കമ്മീഷണർക്ക് ഓൺലൈനായി സമർപ്പിക്കുന്നതിനും അതോടൊപ്പം നീറ്റ് (യു.ജി)–2019 പരീക്ഷയിൽ യോഗ്യത നേടിയെങ്കിലും അപേക്ഷയിൽ മെഡിക്കൽ കോഴ്സുകൾ തിരഞ്ഞെടുക്കാൻ വിട്ടുപോയവർക്ക് മെഡിക്കൽ കോഴ്സുകൾ അപേക്ഷയിൽ കൂട്ടിച്ചേർക്കുന്നതിനും **2019 ജൂൺ 16 മുതൽ ജൂൺ 21 വൈകുന്നേരം 5 മണി വരെ** പ്രവേശന പരീക്ഷാ കമ്മീഷണറുടെ **www.cee.kerala.gov.in** എന്ന വെബ്സൈറ്റിൽ സൗകര്യം ലഭ്യമാകുന്നതാണ്. നീറ്റ് (യു.ജി)–2019–ൽ യോഗ്യത നേടുകയും എന്നാൽ കേരളത്തിൽ മെഡിക്കൽ അനുബന്ധ കോഴ്സുകളിലേയ്ക്ക് അപേക്ഷ സമർപ്പിക്കാൻ സാധിക്കാത്തവർക്ക് **16.06.2019 മുതൽ 19.06.2019 വൈകുന്നേരം 3 മണിവരെ** ഓൺലൈനായി അപേക്ഷ സമർപ്പിക്കാവുന്നതാണ്. പുതുതായി അപേക്ഷ സമർപ്പിക്കുന്നവർക്ക് **20.06.2019 മുതൽ 21.06.2019 വൈകുന്നേരം 5 മണിവരെ** മാത്രമായിരിക്കും നീറ്റ് ഫലം പ്രവേശന പരീക്ഷാ കമ്മീഷണർക്ക് സമർപ്പിക്കാൻ അവസരം ലഭ്യമാകുന്നത്.

നിശ്ചിത സമയത്തിനകം നീറ്റ് പരീക്ഷാ ഫലം പ്രവേശന പരീക്ഷാ കമ്മീഷണർക്ക് ഓൺലൈനായി സമർപ്പിക്കാത്ത അപേക്ഷകരെ 2019–ലെ മെഡിക്കൽ കോഴ്സുകളിലേയ്ക്കും അനുബന്ധ കോഴ്സുകളിലേയ്ക്കുമുള്ള റാങ്ക് ലിസ്റ്റുകളിൽ ഉൾപ്പെടുത്തുന്നതല്ല.

കൂടുതൽ വിവരങ്ങൾക്ക് വെബ്സൈറ്റിലെ വിശദമായ വിജ്ഞാപനം കാണുക.

**പ്രവേശന പരീക്ഷാ കമ്മീഷണർ**

തിരുവനന്തപുരം
16.06.2019